**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ - മരണപ്പെട്ട ആർ.പി.സതീഷ് കുമാറിന്റെ പിതാവിനെ സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാൽ മാതാവ് എസ്.പങ്കജാക്ഷിയ്ക്ക് മാത്രമായി പരേതന്റെ കുടുംബ പെൻഷന്റെ 50% അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**10143/2018**/ധന. തിരുവനന്തപുരം, തീയതി :**11/12/2018**

---

പരാമർശം :- (1) നെടുമങ്ങാട് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 17/04/18 - ലെ എഫ്/1306/2018 നം.കത്ത്.

(2) നെടുമങ്ങാട് താലൂക്ക് ഓഫീസറുടെ 18/11/2017 -ലെ ബി6/22165/2017/കെ.ഡിസ് നം. അനന്തരാവകാശ സർട്ടിഫിക്കറ്റും 08/11/18 -ലെ ബി2/17745/18 നം.യോഗ്യതാ സർട്ടിഫിക്കറ്റും.

(3) മരണപ്പെട്ട ജീവനക്കാരന്റെ മാതാപിതാക്കൾ തമ്മിലുള്ള വിവാഹ ബന്ധം 17/01/1970 - ൽ വേർപെടുത്തിയത് സംബന്ധിച്ച രേഖ.

(4) ശ്രീമതി.എസ്.പങ്കജാക്ഷിയുടെ 12/11/18 - ലെ അപേക്ഷ .

**<u>ഉത്തരവ്</u>**

പൊതു വിദ്യാഭ്യാസ വകുപ്പിൽ പി.ഡി. ടീച്ചറായി സേവനമനുഷ്ഠിച്ച് വരവേ 30/07/17- ൽ മരണപ്പെട്ട ആർ.പി.സതീഷ് കുമാറിന്റെ മാതാവ് ശ്രീമതി. എസ്.പങ്കജാക്ഷിയ്ക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് പരാമർശം 1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2)ലഭ്യമാക്കിയ വിവരങ്ങളിൽ മരണപ്പെട്ട ആർ.പി.സതീഷ് കുമാർ അവിവാഹിതനും നിസന്തതിയനുമാണെന്നും ടിയാന്റെ മാതാവിന്റെ വാർഷിക വരുമാനം 28,000/- രൂപയിൽ താഴെയാണെന്നും ശ്രീമതി. എസ്.പങ്കജാക്ഷിയ്ക്ക് സാമ്പത്തിക ശേഷിയുള്ള മറ്റ് മക്കൾ ഇല്ലെന്നും കുടുംബ പെൻഷനുകളൊന്നും കൈപ്പറ്റുന്നില്ലെന്നും വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പരേതന്റെ പിതാവിനെ സംബന്ധിച്ച വിവരം നൽകാത്തതിനാൽ, കെ.എസ്.ആർ. പാർട്ട് III ചട്ടം 90 6(A) (2) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് സതീഷ് കുമാറിന്റെ പിതാവ്, ശ്രീ.രവീന്ദ്രന്റെ കൂടി വിവരം ഉൾപ്പെട്ട കുടുംബ. പെൻഷൻ അപേക്ഷ സമർപ്പിക്കാൻ ശ്രീമതി. എസ്.പങ്കജാക്ഷിയ്ക്ക് നിർദ്ദേശം നൽകുകയും ആയതുമായി ബന്ധപ്പെട്ട് സൂചന 3),4) എന്നിവയിലെ വിവരം അപേക്ഷക ലഭ്യമാക്കുകയും ചെയ്തിരുന്നു. ആയതിൽ പരേതന്റെ മാതാപിതാക്കൾ തമ്മിലുള്ള വിവാഹ ബന്ധം 17/01/1970 - ൽ വാമനപുരം സബ് രജിസ്ട്രാറാഫീസിൽ വച്ച് വേർപെടുത്തിയതായും പിതാവ് ശ്രീ.രവീന്ദ്രനെ സംബന്ധിച്ച് ടിയാൾ ജീവിച്ചിരിപ്പുണ്ടോ എന്നതുൾപ്പടെയുള്ള വിവരം നാളിതുവരെ ലഭ്യമല്ലെന്നും മാതാവ് ശ്രീമതി. എസ്.പങ്കജാക്ഷി ശാരീരികവും മാനസികവുമായി ഏറെ അവശത അനുഭവിക്കുന്ന അവസ്ഥയിലുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും ശ്രീമതി.എസ്. പങ്കജാക്ഷി ഹാജരാക്കിയതിനാലും മരണപ്പെട്ട ആർ.പി.സതീഷ് കുമാറിന്റെ പിതാവിനെ സംബന്ധിച്ച വിവരമൊന്നും ലഭ്യമല്ല എന്ന് അനുബന്ധ

വിവരങ്ങളിൽ നിന്ന് ബോധ്യമായതിനാലും അപേക്ഷകയുടെ പരിതാപകരമായ ജീവിത സാഹചര്യം കണക്കിലെടുത്ത് കെ.എസ്.ആർ. ഭാഗം III ചട്ടം 90 6(A) (2) പ്രകാരം പരേതന്റെ കുടുംബ പെൻഷന്റെ 50% ശ്രീമതി.എസ്. പങ്കജാക്ഷിയ്ക്ക് 01/08/2017 മുതൽ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത പെൻഷൻ നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള,തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് 2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4. സബ്ട്രഷറി ഓഫീസ്, കിളിമാനൂർ.
5. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെടുമങ്ങാട്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
7. ശ്രീമതി.എസ്.പങ്കജാക്ഷി,മംഗലത്ത് വീട്,താന്നിമൂട്, മിതൃമ്മല.പി.ഒ,തിരുവനന്തപുരം -695610.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E- 837391)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**